പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6207

02/04/2018 - ൽ മറുപടിക്ക്

**കൺസ്യൂമർ ഫെഡിന്റെ ശാക്തീകരണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീ. കെ. രാജൻ<br>ശ്രീമതി സി.കെ. ആശ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം സുതാര്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർഫെഡിന്റെ പ്രവർത്തനം സുതാര്യമാക്കുന്നതിന്റെ ഭാഗമായി പ്രതിമാസം ഭരണ ചെലവ് 7.52% ത്തിൽ നിന്നും 6.75 % ആയും പ്രതിമാസം പലിശ ചെലവ് 6.50 കോടിയിൽ നിന്നും 3.45 കോടിയായും കുറയ്ക്കാനായിട്ടുണ്ട്. വിറ്റുവരവ് വർദ്ധിപ്പിക്കാനായി ലാഭവും ലാഭക്ഷമതയും വർദ്ധിപ്പിച്ചും, കൃത്യമായ നടപടി ക്രമങ്ങളിലൂടെ സപ്ലയർമാർക്ക് നൽകാനുണ്ടായിരുന്ന കുടിശ്ശിക തുക നൽകിയും, പ്രതിദിന വിറ്റുവരവ് 4 കോടിയിൽ നിന്നും 6 കോടി രൂപയായി വർദ്ധിപ്പിക്കുന്നതിനും, പ്രതിമാസം 2.25 കോടി രൂപ നഷ്ടത്തിൽ നിന്നും 6 കോടി രൂപ ലാഭം നേടുന്നതിനും, 2012-2013 മുതൽ 2015-16 വരെയുള്ള കാലഘട്ടത്തിലെ ആഡിറ്റ് പൂർത്തീകരിക്കുന്നതിന് ചാർട്ടേർഡ് അക്കൗണ്ടന്റ് ഫേമിനെ ചുമതലപ്പെടുത്തി ആഡിറ്റിംഗ് പൂർത്തീകരിച്ച് വരുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) | കൺസ്യൂമർ ഫെഡിന്റെ ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഏതൊക്കെ ഇടപെടലുകളാണ് നടത്തിയതെന്ന് വിശദമാക്കുമോ? | ബി) | കൺസ്യൂമർ ഫെഡിന്റെ ത്രിവേണി സ്റ്റോറുകൾ വഴി എല്ലാ നിത്യോപയോഗ സാധനങ്ങളും വിപണിയിൽ എത്തിക്കുന്നതിനും നിത്യോപയോഗ സാധനങ്ങൾ വിലകുറച്ച് ലഭ്യമാക്കുന്നതിന് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കിയും മരുന്ന് കമ്പനികളിൽ നിന്നും നേരിട്ട് മരുന്ന് വാങ്ങുന്നതിലൂടെ |

| | | | |
|---|---|---|---|
| | | | വിലക്കുറവിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. സ്കൂൾ തുറക്കുന്ന കാലയളവിൽ കുട്ടികൾക്കാവശ്യമായ നോട്ടുബുക്കുകളും, എല്ലാ പഠനസാമഗ്രികളും സ്കൂൾ മാർക്കറ്റുകൾ വഴി വിതരണം ചെയ്യും. ഓൺ ലൈൻ വ്യാപാരം ശക്തിപ്പെടുത്തിയും, കൺസ്യൂമർ ഫെഡിന്റെ ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട് |
| സി) | ത്രിവേണി സ്റ്റോറുകൾ ഓൺലൈൻ ട്രേഡിംഗ് ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | സി) | ത്രിവേണി സ്റ്റോറുകൾ ഓൺ ലൈൻ ട്രേഡിംഗ് ആരംഭിച്ചിട്ടില്ല. |
| ഡി) | മുൻ സർക്കാരിന്റെ കാലത്ത് കൺസ്യൂമർ ഫെഡിൽ നടന്ന അഴിമതി കേസുകളിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | ഡി) | കൺസ്യൂമർ ഫെഡറേഷനിൽ 2005-2006 വർഷം മുതൽ 2014-15 വർഷം വരെയുള്ള പ്രവർത്തനങ്ങളിലെ ക്രമക്കേടുകൾ സംബന്ധിച്ച് സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി അന്വേഷണ റിപ്പോർട്ടിൽ 595.52 കോടി രൂപയുടെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിന്മേലുള്ള തുടർ നടപടികൾ ബഹു.കേരള ഹൈക്കോടതി താൽക്കാലികമായി സ്റ്റേ ചെയ്തിരിക്കുകയാണ്. സ്റ്റേ ഒഴിവാക്കി മേൽ നടപടി സ്വീകരിക്കുന്നതാണ്. |
| ഇ) | കൺസ്യൂമർ ഫെഡിന്റെ ശാക്തീകരണത്തിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | ഇ) | ജനങ്ങളുടെ ആവശ്യം കണക്കിലെടുത്തു കൊണ്ട് ത്രിവേണി സ്റ്റോറുകളുടെ സൗകര്യം വർദ്ധിപ്പിക്കുക, അവശ്യവസ്തുക്കളുടെ ലഭ്യത, ഗുണമേന്മ എന്നിവ ഉറപ്പാക്കുക, വില നിയന്ത്രണ സാധ്യമായ തരത്തിലുള്ള ഇടപെടൽ നടത്തുക, വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് ഓൺലൈൻ വ്യാപാരം ശക്തിപ്പെടുത്തുക എന്നീ മാർഗ്ഗങ്ങൾ വഴിയും, പ്രിവിലേജ് കാർഡ് മുഖേന കൂടുതൽ വ്യാപാരം വർദ്ധിപ്പിക്കുന്നതിനും വിദ്യാർത്ഥികൾക്ക് ആവശ്യമായ എല്ലാവിധ പഠന സാമഗ്രികളും ലഭ്യമാക്കുന്ന തരത്തിൽ സ്കൂൾ മാർക്കറ്റുകൾ വലിയതോതിൽ സംഘടിപ്പിക്കുന്നതിനുള്ള നടപടികളും കൺസ്യൂമർഫെഡിന്റെ ശാക്തീകരണത്തിന് സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ നീതി സ്റ്റോറുകൾ ആരംഭിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | എഫ്) | പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ നീതി സ്റ്റോറുകൾ ആരംഭിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 231 നീതി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. |
| ജി) | നന്മ സ്റ്റോറുകൾ നിറുത്തലാക്കിയ സാഹചര്യം അറിയിക്കുമോ; പ്രസ്തുത സ്റ്റോറുകളിലെ ജീവനക്കാരെ പുനർവിന്യസിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | ജി) | നന്മ സ്റ്റോറുകളിൽ വില്പന കുറയുകയും എല്ലാ നന്മ സ്റ്റോറുകളും തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിക്കുകയും ചെയ്തു. കഴിഞ്ഞ മൂന്ന് വർഷക്കാലത്തെ പ്രവർത്തനം വിലയിരുത്തിയതിൽ ജീവനക്കാരുടെ വേതനം, വൈദ്യുതി, ടെലഫോൺ, യാത്രാപ്പടി എന്നീ ഇനങ്ങളിൽ ശരാശരി 18,000 മുതൽ 20,000 രൂപവരെ പ്രതിമാസം ഒരു സ്റ്റോറിന് ചെലവാകുന്ന തുക മുഴുവനായും കൺസ്യൂമർ ഫെഡറേഷന് ബാധ്യതയായി മാറുകയും ചെയ്ത സാഹചര്യത്തിലാണ് നന്മ സ്റ്റോറുകൾ നിർത്തലാക്കിയത്. നന്മ സ്റ്റോറുകളിൽ ജോലി ചെയ്ത വരുന്ന സ്ഥിരം കൺസോളിഡേറ്റഡ് വിഭാഗത്തിലെ ജീവനക്കാരെ പുനർവിന്യസിക്കുകയും താത്ക്കാലിക ജീവനക്കാരുടെ സേവനം നിർത്തലാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ